




എറണാകുളം ജില്ലയിലെ കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 100 ഏക്കറോളം വരുന്ന കടുങ്ങല്ലൂർചാൽ പാടശേഖരം നികത്തുവാൻ നടത്തിയ പരിശ്രമങ്ങളെ തടയുന്നതിന് ഇടയിൽ വെളിവാക്കപ്പെട്ട ചില വസ്തുതകൾ

## കടുങ്ങല്ലൂർചാൽ പാടശേഖരം

# നിയമം ലംഘിച്ചുള്ള വയൽ നികത്തലിന് തടയിട്ടപ്പോൾ

സി.ജി. തമ്പി

നെൽവയൽ നികത്തുന്നതിനെതിരെ നിയമം ശക്തമാണെങ്കിലും അധികാരികളുടെ നിസ്സംഗതമൂലം പലയിടത്തും നിയമം നടപ്പാക്കാൻ സാധിക്കാതെ അസാധുവാകുന്ന കാഴ്ചയാണുള്ളത്. ഏറണാകുളം ജില്ലയിൽ കടുങ്ങല്ലൂർ പാടശേഖരം നികത്തലിനെതിരെ സമരവും നിയമനടപടികളും ഇതാണ് നമുക്ക് കാണിച്ചു തരുന്നത്.

കടുങ്ങല്ലൂരിൽ പാടശേഖരത്തിൽ ഏതാണ്ട് മധ്യഭാഗത്ത് അഞ്ചര ഏക്കറോളം പാടത്ത് രണ്ടര അടി വീതിയിൽ കരിങ്കല്ലിൽ Retaining Wall കെട്ടുന്നതിനെതിരെ സമീപവാസികളും മറ്റും രംഗത്ത് വന്നതാണ് ഇവിടെ പ്രശ്നങ്ങൾക്ക് തുടക്കമായത്. ജനം പ്രതികരിച്ചതിനെ തുടർന്ന് കെട്ടിയ മതിൽ പൊളിച്ചു നീക്കിയെങ്കിലും സ്ഥല ഉടമ പറവൂർ മുൻസിഫ് കോടതിയിൽ നിന്ന് ഇൻജക്ഷൻ സമ്പാദിച്ച് പോലീസ് സംരക്ഷണത്തിൽ വീണ്ടും മതിൽ കെട്ടി. എതിർത്തവരെ പോലീസ് അറസ്റ്റു ചെയ്തു നീക്കുകയും ചെയ്തു.

പാടത്തിന് നടുക്കായി ഇത്തരത്തിൽ നിയമവിരുദ്ധമായി മതിൽ കെട്ടുന്നതിന് രേഖകൾ പലതും തിരുത്തിയെന്നാണ് സമരക്കാർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്താൻ കഴിഞ്ഞത്. തുച്ഛമായ വിലക്ക് 8 പേരിൽ നിന്നായി എട്ട് ആധാരങ്ങളിലൂടെ പാടം വാങ്ങിയ സ്വർണ്ണവ്യാപാരിയാണ് പാടത്തിന് നടുവിൽ മതിൽ കെട്ടിയത്. ഭൂമിയുടെ 'തരം' പാടശേഖരം എന്നെഴുതുന്നതിന് പകരം 'സ്ഥലം' എന്ന് ആധാരത്തിൽ എഴുതിയാണ് ഇയാൾ സ്ഥലം രജിസ്റ്റർ ചെയ്തത്. ഭൂമിയുടെ ഇനവും തരവും സംബന്ധിച്ച ആധികാരിക റവന്യൂരേഖകൾ പരിശോധിക്കാൻ പോലും തയ്യാറാകാതെയാണ് രജിസ്ട്രേഷൻ വിഭാഗം ഇത്തരം കള്ളക്കളിക്ക് കൂട്ടുനിന്നത്. സ്ഥലം എന്ന് രേഖപ്പെടുത്തിയാൽ കരഭൂമിയായി പരിഗണിക്കുമെന്നതിനാൽ ഈ ആധാരങ്ങൾ മാത്രം അടിസ്ഥാനമാക്കി പഞ്ചായത്ത് സെക്രട്ടറി കരിങ്കൽചിറ കെട്ടുന്നതിന് പെർമിറ്റ് നൽകുകയായിരുന്നു.

ബോധപൂർവം തെറ്റായി തയ്യാറാക്കിയ ഈ ആധാരങ്ങൾ റദ്ദു ചെയ്യുകയോ തിരുത്തൽ ആധാരങ്ങൾ എഴുതിക്കുകയോ വേണമെന്ന് ആവശ്യപ്പെട്ട് റജിസ്ട്രേഷൻ മന്ത്രിയുൾപ്പെടെയുള്ളവർക്ക് സമരക്കാർ നിവേദനം നൽകിയിട്ടും ഫലമുണ്ടായില്ല.

ആധാരത്തിൽ ഭൂമിയുടെ 'തരം' തെറ്റായി രേഖപ്പെടുത്തിയത് ആധാരം എഴുത്തുകാരനാണെന്നും, അതിന് അയാൾക്കെതിരെയാണ് നടപടി എടുക്കേണ്ടതെന്നുമാണ് രജിസ്ട്രേഷൻ വകുപ്പ് വിഭാഗം മേധാവികൾ പറയുന്നത്. പഞ്ചായത്തും രജിസ്ട്രേഷൻ വിഭാഗവും മന്ത്രിയും അനുകൂല നിലാപട് സ്വീകരിക്കുന്നില്ലെന്ന് കണ്ട് സമരക്കാർ നിയമലംഘനം ചൂണ്ടിക്കാണിച്ച് പൊതുതാൽപ്പര്യഹരജി ഹൈക്കോടതിയിൽ നൽകിയെങ്കിലും ഹരജി പിൻവലിക്കേണ്ടിവന്നു. അതോടെ വീണ്ടും പാടശേഖരസമിതി രജിസ്റ്റർ ചെയ്ത ശേഷം പറവൂർ മുൻസിഫ് കോടതിയിൽ പെറ്റീഷൻ നൽകി. കെട്ടിയ ചിറക്കുള്ളിൽ മണ്ണിട്ട് നികത്തുന്നത് തടഞ്ഞുകൊണ്ടുള്ള ഇൻജക്ഷൻ ഓർഡർ സമ്പാദിച്ചു. കേസിൽ പഞ്ചായത്ത് സെക്രട്ടറി, പഞ്ചായത്ത് പ്രസിഡന്റ്, ആർ.ഡി.ഒ, സ്ഥലമുടമ എന്നിവരെ പ്രതികളുമാക്കി. ഇൻ




ജക്ഷൻ ഓർഡർ വകവെക്കാതെ സ്ഥല ഉടമ മതിൽ കെട്ടിയ സ്ഥലം വരെ വയൽ മണ്ണിട്ടുമൂടാൻ തുടങ്ങി. പോലീസിൽ പരാതി നൽകിയെങ്കിലും എസ് ഐ യാതൊരു നടപടിയും എടുത്തതുമില്ല.

കോടതിതീരുമാനം ലംഘിച്ചു എന്നു പറഞ്ഞ് മറ്റൊരു പെറ്റീഷൻ മുൻസിഫ് കോടതിയിൽ നൽകിയതിനെ തുടർന്ന് കോടതി കമ്മീഷൻ വെച്ച് അന്വേഷിക്കാൻ ഉത്തരവിട്ടു. ഈ കമ്മീഷൻ ഇതുവരെ ഇവിടെ എത്തിയതുമില്ല. പാടത്ത് കൊണ്ടിട്ട മണ്ണ് മഴവെള്ളത്തിൽ ഒലിച്ചുപോയിട്ടും കമ്മീഷന്റെ വരവ് നീണ്ടുപോകുകയാണ്.

പ്രശ്നം പഞ്ചായത്തു ഭരിക്കുന്ന എൽ.ഡി.എഫ് കക്ഷികളുടെ മുന്നിൽ എത്തിയപ്പോൾ പഞ്ചായത്തു കമ്മിറ്റിയിൽ ചർച്ചക്കു വന്നെങ്കിലും യോഗത്തിൽ മതിയായ മെമ്പർമാർ എത്താത്തതിനാൽ തീരുമാനമെടുക്കാനായില്ല. അവിടെയും പ്രശ്നത്തിന് അനുകൂല സഹായം ഉണ്ടാകാത്തതിനാൽ സി പി എമ്മിന് നേരിട്ട് പരാതി നൽകി. രണ്ടു കൊല്ലത്തെ പരിശ്രമങ്ങൾക്കൊടുവിൽ പഞ്ചായത്ത് പ്രസിഡൻറും, രണ്ടു പഞ്ചായത്തു മെമ്പർമാരും വിഷയത്തിൽ കുറ്റക്കാരാണെന്ന് പാർട്ടി കണ്ടെത്തി.

ഇതിനിടയിൽ ജില്ലാപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കു മുമ്പാകെ പരാതി എത്തുകയും വയൽ നികത്തി മതിൽകെട്ടുന്ന പെർമിറ്റ് സസ്പെന്റ് ചെയ്യുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തു. പെർമിറ്റ് സസ്പെന്റ് ചെയ്തുകൊണ്ടുള്ള ഓർഡർ പഞ്ചായത്ത് ഇറക്കിയിട്ടും കെട്ടിയ ചിറ അതേ രൂപത്തിൽ നിലനിൽക്കുകയാണ്. ഉടമക്കു തുടർന്ന് ഒന്നും ചെയ്യാൻ പറ്റാത്ത നിലയിൽ ഒരു താല്ക്കാലിക കുരുക്കിൽ പ്രശ്നം സമരക്കാർ എത്തിച്ചിരിക്കുന്നു എന്നുമാത്രം. എന്നാൽ നിയമവിരുദ്ധനിർമാണം പൊളിച്ചു നീക്കുന്നതിനോ, പാടശേഖരത്തിന്റെ പൂർവ്വസ്ഥിതിതി പുനസ്ഥാപിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. ഈ ദിശയിൽ നീങ്ങുവാൻ സർക്കാരും ജില്ലാ കളക്ടറും, പഞ്ചായത്തും ആരും തയ്യാറല്ല. അവരവരുടെ അധികാരപരിധിയിൽ വരുന്ന ചുമതലയല്ല എന്ന ന്യായത്തിൽ ഇവർ ഒഴികഴിവ് പറയുകാണ്. നടപടികളെല്ലാം സമരക്കാർക്ക് അനുകൂലമായിട്ടും അത് നടപ്പാക്കാൻ ഭരണ- അധികാരി വിഭാഗം തയ്യാറല്ലെന്നതാണ് വസ്തുത. ഇത്തരം അവസ്ഥ കേരളത്തിൽ പലയിടത്തുമുണ്ടാകാനാണ് സാധ്യത.

പാടം നികത്തുന്നതിനെതിരെ പോലീസിൽ പരാതി നല്കാമെന്ന് സർക്കാർ പറയും. പോലീസുകാർ സ്ഥലത്തുവരും. നികത്തുന്നത് ദൃഷ്ടിയിൽ പെട്ടാൽ ലോറി പിടിക്കും ഡ്രൈവറെയും, ലോറി ഉടമയേയും, സ്ഥലഉടമയേയും തൊടില്ല. ലോറിയും, മണ്ണും പ്രതികൾ. പിഴ അടച്ചാൽ ലോറിക്കു മോചനം. അപ്പോൾ ഇട്ട മണ്ണോ/ അത് ഇട്ട സ്ഥലത്ത് കിടക്കും. രഹസ്യമായി അത്ര ലോറി വീണ്ടും മണ്ണടിക്കും. അപ്പോൾ പോലീസ് 'കാണില്ല'.

അടുത്ത നടപടി റവന്യൂ അധികാരികൾക്കു പരാതി നൽകലാണ്. വില്ലേജ് ആഫീസർ വരും. ഒരു സ്റ്റേപ്പ് മെമ്മോ നൽകും സ്ഥലം വിടും. സ്റ്റോപ്പ് മെമ്മോയിൽ തുടർനടപടി ഒരിക്കലും ഉണ്ടാവില്ല. സ്റ്റോപ്പ് മെമ്മോകൾ എന്ന കടലാസിന് എങ്ങനെ ലോറി തടയാൻ കഴിയും.? നികത്തൽ തുടരും. ദിവസങ്ങൾക്കുള്ളിൽ വാഴകൾ പ്രത്യക്ഷപ്പെടും. ഇടക്ക് തെങ്ങിൽ തൈകളും കുറച്ചു നാൾ കഴിഞ്ഞാൽ ആർ.ഡി.ഒയും സിൽബന്ധികളും എത്തുകയായി. പാടശേഖരം തെങ്ങിൻ തോപ്പും, വാഴത്തോട്ടവുമായി രേഖയിൽ കയറും. പിന്നെ എല്ലാം ശുഭം.

ആത്മാർത്ഥയുള്ള ഗ്രാമപഞ്ചായത്തുകളും, റവന്യൂ, പോലീസ്, രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്മാരുമുണ്ടെങ്കിൽ നിലവിലുള്ള നിയമം കൊണ്ടു തന്നെ ഒരു പരിധിവരെ നെൽപാടങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാനാവും. ഈ അവസ്ഥ ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന പരിഹാര നിർദ്ദേശങ്ങളാണ് കടുങ്ങല്ലൂർ പാടശേഖര വിരുദ്ധസമിതിക്കാർക്ക് മുന്നോട്ടു വെക്കാനുള്ളത്.

**പരിഹാര നിർദ്ദേശങ്ങൾ**

1) നെൽവയലുകൾ തരിശിടുന്നത് കുറ്റകരമാക്കുക.

2)തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷിയിറക്കുവാൻ കഴിയുന്ന നിയമങ്ങൾ രൂപീകരിച്ച് നടപ്പിലാക്കുക.

3)നെൽവയലുകളും, തണ്ണീർത്തടങ്ങളും നികത്തുന്നതും, മലിനീകരിക്കുന്നതും ക്രിമിനൽ കുറ്റമായി കണക്കാക്കുന്ന നിയമങ്ങൾ ഉണ്ടാക്കുകയും, നടപടികൾ എടുക്കുകയും ചെയ്യുക.

4)പൊതു ആവശ്യങ്ങളുടെ പേരിലും, വീടുവെക്കുന്നതിനും മറ്റുമായി വയൽ നികത്തുവാൻ നിലനിൽക്കുന്ന വ്യവസ്ഥകൾ പൂർണ്ണമായും നീക്കം ചെയ്യുക.

5)നിയമം നടപ്പിലാക്കേണ്ട അധികാരിയെ നിശ്ചയിക്കുക. നടപ്പിലാക്കേണ്ടത് അദ്ദേഹത്തിന്റെ ചുമതലയാകുക. നടപ്പിലാക്കുവാൻ വേണ്ട സംവിധാനങ്ങളും, ക്രമീകരണങ്ങളും ഏർപ്പെടുത്തുക.

6)തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് ഗ്രാമപഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും തരിശു നിലങ്ങളിൽ ഉൾപ്പെടെ നെൽകൃഷി വ്യാപകമാക്കുന്നതിനുള്ള പ്രൊജക്ടുകൾ രൂപീകരിച്ച് നടപ്പാക്കേണ്ടത് നിയമപരമായ ബാദ്ധ്യതയാക്കുക.

7)തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നൽകുന്ന നിർമ്മാണ പെർമിറ്റുകൾക്ക് എല്ലാ നിയമങ്ങളും ബാധകമാക്കുന്ന തരത്തിൽ സമഗ്രമായ ചട്ടങ്ങൾ രൂപീകരിക്കുക (കേരള മുൻസിപ്പൽ ബിൽഡിങ്ങ് റൂൾസ് മാത്രമാണ് ഇന്നും ആശ്രയിക്കുന്നത്.)

8)ഗ്രാമസഭകളുടെ അധികാര പരിധിയിൽ ഈ വിഷയം കൊണ്ടു വരികയും അതിന് വേണ്ട നിയമങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

9)നെൽപാടങ്ങളും, തണ്ണീർത്തടങ്ങളും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച വൻതോതിലുള്ള ബോധവൽക്കരണപരിപാടികൾ നടപ്പിലാക്കുക.

10)ഭക്ഷ്യവിളകൾ കൃഷി ചെയ്യുന്നതിനുള്ള ചെലവ് സബ്സിഡിയായി കൃഷിക്കാരന് നൽകുക.

ബന്ധങ്ങൾക്ക്: 9446484005